**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.910

10.06.2019-ൽ മറുപടിയ്ക്ക്.

**<u>കാട്ടുപോത്തിനെ വേട്ടയാടിക്കൊന്ന കേസ്</u>**

| <u>ചോദ്യം</u><br>ശ്രീ.അൻവർ സാദത്ത് | <u>ഉത്തരം</u><br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|
| (എ) പെരിയാർ ടൈഗർ റിസർവ്വിന്റെ കീഴിൽ വരുന്ന അഴുത റെയിഞ്ചിൽ ഏപ്രിൽ 20-ാം തീയതി കാട്ടുപോത്തിനെ വേട്ടയാടിക്കൊന്ന കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്; ഇതിനകം എത്ര പേരെ അറസ്റ്റു ചെയ്തു; വിശദാംശങ്ങൾ നൽകുമോ; | (എ) ടി കേസിൽ അന്വേഷണം നടന്നു വരുന്നു. 10 പ്രതികളെ അറസ്റ്റ് ചെയ്തു. മൂന്ന് നാടൻ തോക്കുകൾ കണ്ടെടുക്കുകയും, ഒരു ഓട്ടോറിക്ഷയും, ഒരു ജീപ്പും പിടിച്ചെടുത്തിട്ടുള്ളതുമാണ്. |
| (ബി) പ്രസ്തുത കേസ് അന്വേഷിക്കുന്ന അഴുത റേഞ്ച് ഓഫീസറുടെ അന്വേഷണ നടപടികളിൽ സ്ഥലത്തെ ചില രാഷ്ട്രീയ സംഘടനകൾ അനാവശ്യമായി ഇടപെടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) പ്രതികളുടെ ബന്ധുക്കളും, നാട്ടുകാരിൽ ചിലരും ചേർന്ന് കേസന്വേഷണത്തെ തടസ്സപ്പെടുത്തുവാൻ ഇടപെടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇത് സംബന്ധിച്ച് പ്രസ്തുത ഉദ്യോഗസ്ഥ പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | (സി) ഇത് സംബന്ധിച്ച് വനം വകുപ്പിൽ പരാതികൾ ഒന്നും പ്രസ്തുത ഉദ്യോഗസ്ഥ നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ